


# പുതുവർഷം – പ്രതീക്ഷയുടെ ചിറകുകളിൽ പറക്കാൻ

(ലൂക്കാ 6:25 – 34)

Vol. 11, Issue: 35

ബ്ര. റോബിൻ കോലഞ്ചേരി MCBS

**മി**ശിഹായിൽ ഏറെ സ്നേഹിക്കപ്പെടുന്നവരേ,

മുകളിലേയ്ക്കെറിഞ്ഞ കല്ല് താഴേയ്ക്ക് തിരിച്ചു വരും. എന്നാൽ, മുകളിൽ നിന്നു മണ്ണിലേയ്ക്കു വീണ മഴത്തുള്ളികൾ അപ്രകാരം തിരിച്ചുപോകില്ല. മുകളിലേയ്ക്ക് വളർന്ന ചെടിയോ, അറ്റുവീണ ഇലയോ മുമ്പുണ്ടായിരുന്ന അവസ്ഥയിലേയ്ക്ക് തിരിച്ചുവരില്ല. മുന്നോട്ടുനടക്കുന്ന മനുഷ്യൻ തിരിച്ചുനടക്കുന്നപോലെ കടന്നുപോയ കാലം (Past) തിരിച്ചുവരില്ല. എന്നാൽ, കടന്നുപോയ കാലത്തിലെ ഓർമ്മകൾ ഇന്നുകളിലും നാളെകളിലും പോറലുകൾ ഉണ്ടാക്കിയേക്കാം. എങ്കിലും പ്രതീക്ഷയുടെ പൊൻകിരണങ്ങൾ പാറിനടക്കുന്ന വീഥികളിൽ മുന്നോട്ടുനീങ്ങാൻ സാധിക്കും. കടന്നുപോയ വത്സരത്തിന്റെ കയ്പ് നിറഞ്ഞ അനുഭവങ്ങളുടെ രഥം ഉപേക്ഷിച്ച് പുതിയ പോരാളിയായി പ്രതീക്ഷയുടെ ചിറകുകളിൽ പറക്കാൻ നമുക്കു മുമ്പിൽ ഒരു വത്സരം കൂടി.

ഏതാനും വർഷങ്ങൾക്കു മുമ്പ് ഫോണിൽ വായിച്ച ഒരു മെസേജ് ഇങ്ങനെയാണ്: "According to the laws of aviation, a honey bee can't fly; because its wings are too smaller in comparison to its fat body. But, a bee still flies because it doesn't care what the human laws tell."

Laws of Aviation അനുസരിച്ച് ഒരു തേനീച്ചയ്ക്ക് പറക്കാനാവില്ല. കാരണം, തടിച്ച വലിയ ശരീരത്തോട് തുലനം ചെയ്യുമ്പോൾ ഇതിന്റെ ചിറകുകൾ വളരെ ചെറുതാണ്. എന്നാൽ, തേനീച്ച അപ്പോഴും പറക്കുന്നു. കാരണം, മാനുഷികനിയമങ്ങൾ എന്തുപറയുന്നു എന്ന് ഇത് ശ്രദ്ധിക്കുന്നില്ല. നമുക്കു ചുറ്റുമുള്ളവയെ, നമ്മുടെ സാഹചര്യങ്ങളെ നോക്കാതെ ദൈവത്തെ നോക്കാനാണ് സുവിശേഷകൻ ഉദ്ബോധിപ്പിക്കുക. പുതിയ വർഷത്തിൽ സുവിശേഷം പ്രധാനമായും മൂന്നു ചിന്തകൾ മുന്നോട്ടുവയ്ക്കുന്നുണ്ട്.

**1. "എത്രയോ വിലപ്പെട്ടവരാണ് നിങ്ങൾ" (മത്താ. 6:26):** നാം വിലപ്പെട്ടവരാണെന്ന ബോധ്യം നമുക്ക് ഉണ്ടാവണം. "നീ എനിക്ക് വിലപ്പെട്ടവനും ബഹുമാന്യനും പ്രിയങ്കരനുമാണ്" (ഏശ. 43:4). വിലപ്പെട്ടവരായതുകൊണ്ടാണ് ദൈവം നമ്മെ തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചത്. നാം വിലപ്പെട്ടവരായതുകൊണ്ടാണ് സ്വപുത്രനെ 'വില' എന്നപോലെ മരിക്കാൻ വിട്ടുകൊടുത്തത്. സ്വന്തം സാദൃശ്യത്തിൽ സൃഷ്ടിക്കാത്ത സൃഷ്ടവസ്തുക്കളെയെല്ലാം അവിടുന്ന് കാക്കുന്നെങ്കിൽ നമ്മെയും തീർച്ചയായും കാത്തുപരിപാലിക്കുമെന്ന് അവിടുന്ന് പറയുകയാണ്.

ഒരു അദ്ധ്വാനവുമില്ലാത്ത പുല്ല് ഏറെ അലങ്കരിക്കപ്പെടുന്നുവെങ്കിൽ ഏറെ അദ്ധ്വാനിക്കുന്ന മനുഷ്യരെ അവിടുന്ന് പരിപാലിക്കാതിരിക്കുമോ? ഒരിക്കലുമില്ല. അപ്പോൾ അവിടെ ഒരു ചോദ്യം ഉയർന്നേക്കാം, പിന്നെ എന്തിന് കൊറോണ പോലുള്ള പ്രശ്നങ്ങൾ? അവിടെ, എല്ലാം ദൈവത്തിനു സമർപ്പിക്കുക. "എന്തുകൊണ്ടെന്നാൽ, നമ്മുടെ അനന്തനന്മയ്ക്കു വേണ്ടിയുള്ള അവിടുത്തെ പദ്ധതികൾ നമുക്ക് അജ്ഞാതമാണ്." നമ്മൾ ദൈവത്തിന് വിലപ്പെട്ടവരാണെന്ന ബോദ്ധ്യത്തിൽ ജീവിക്കുകയാണ് വേണ്ടത്.

**2. "ആദ്യം അവിടുത്തെ രാജ്യവും നീതിയും അന്വേഷിക്കുക":** 'അവിടുത്തെ' രാജ്യവും നീതിയും അന്വേഷിക്കണമെങ്കിൽ അതിനും മുമ്പ് ദൈവത്തെ അന്വേഷിക്കണം. "അന്വേഷിക്കുവിൻ നിങ്ങൾ കണ്ടെത്തും" (മത്തായി 7:7). ദൈവാന്വേഷിയാകുക. ദൈവത്തെ കാണാൻ അകക്കണ്ണ് വേണം.

"Madam, What is worse than having no eye sight?" – ഹെലൻ കെല്ലറിനോട് ഒരാൾ ചോദിച്ചു: ഹെലൻ കെല്ലർ മറുപടി പറഞ്ഞു: "Having eye sight, but no insight vision."

ദൈവത്തെ കാണാൻ ഉൾക്കണ്ണ് വേണം. അല്ലാത്ത പക്ഷം, അവിടുത്തെ രാജ്യം തേടേണ്ടതിനു പകരം നമ്മുടെ ആഗ്രഹങ്ങളും ആവശ്യങ്ങളും, അവ ലഭിക്കാൻവേണ്ടി നേർച്ചകളുമായി നടക്കും. പ്രശ്നങ്ങളിൽ, സംഘർഷങ്ങളിൽ, ക്ലേശങ്ങളിൽ നാം ദൈവത്തെ ആശ്രയിക്കുന്നു. സുരക്ഷിത സൗഭാഗ്യങ്ങളിൽ ഒരിക്കലും അവനെ ഓർമ്മിക്കാറില്ല. സുരക്ഷിതരായിരിക്കുമ്പോൾ, സന്തോഷവാന്മാരായിരിക്കുമ്പോൾ താൻ എന്തുകൊണ്ട് അപ്രകാരമായിരിക്കുന്നു എന്ന് പലരും തിരിച്ചറിയാതെ പോകുന്നു.

"നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും നീതിയും അന്വേഷിക്കുക. അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്കു ലഭിക്കും" എന്ന വചനം മറക്കാൻ ഇനി ശീലിക്കേണ്ടിവരും. കാരണം, മറ്റെല്ലാം നേടാനുള്ള കുറുക്കുവഴിയായി മാത്രം ദൈവത്തെയും ദൈവിക കാര്യങ്ങളെയും തേടിപ്പോകുന്നവർ വളരെ കൂടിക്കൊണ്ടിരിക്കുകയാണിന്ന്. ദൈവത്തിലേയ്ക്കു തിരിയണം, അവിടുത്തെ കാര്യങ്ങൾക്ക് ആദ്യം സ്ഥാനം കൊടുക്കണം എന്ന് പുതുവർഷത്തിൽ സുവിശേഷം നമ്മെ ഓർമ്മിപ്പിക്കുന്നു.

**3.** മൂന്നാമതായി, പുതുവർഷത്തിൽ ദൈവം നമ്മോടു പറയുക, **"ആകുലപ്പെടരുത്; ഉത്കണ്ഠാകുലരാകരുത്"** എന്നാണ്. ആകുലത കൂടിയതുകൊണ്ട് നടക്കേണ്ട നന്മയോ തിന്മയോ വരാതിരിക്കുന്നില്ല; അത് നേരത്തെ കടന്നുപോവുകയുമില്ല; വൈകുകയുമില്ല. നടക്കേണ്ട സമയത്തു തന്നെ അത് വരും.

ഒരു അമ്മ തന്റെ മകനെ വലിയൊരു ജോലിയുടെ ഇന്റർവ്യൂവിനു പോകാൻ സഹായിക്കുകയായിരുന്നു. ഒരു മണിക്കൂർ യാത്രയുണ്ട്. അമ്മ ഭക്ഷണമെല്ലാം ഉണ്ടാക്കി കഴിക്കാൻ കൊടുത്തു. മകൻ ഇന്റർവ്യൂവിനു കാത്തിരുന്ന് ഭക്ഷണം കഴിക്കാതെ തളർന്നാലോ എന്നു കരുതി മകനോട് കാത്തിരിക്കാൻ പറഞ്ഞ്, നിർബന്ധിച്ച് ഭക്ഷണം പാത്രത്തിലാക്കി കൊടുക്കുകയും ചെയ്തു. വലിയ ഇന്റർവ്യൂവിനു പോകുന്നതുകൊണ്ട് അപകടമുണ്ടായാലോ എന്നുപറഞ്ഞ് ബൈക്കിന് പോകാനിരുന്ന മകനെ നിർബന്ധിച്ച് ബസ്സിനു വിട്ടു. ഒരു മണിക്കൂർ യാത്രയേ ഉണ്ടായിരുന്നുള്ളൂവെങ്കിലും ട്രാഫിക് ബ്ലോക്കിൽ പെട്ട് ബസ് വൈകി. അവസാനം ഇന്റർവ്യൂവിനു എത്തിയപ്പോഴേയ്ക്കും കയറേണ്ട നമ്പർ വിളിച്ച് കടന്നുപോയിരുന്നു. പിന്നെ ഓഫീസേഴ്സിനോടു പറഞ്ഞ് അവസാനം കയറിയപ്പോൾ ടെൻഷൻ കാരണം ഒരുങ്ങിയപോലെ പെർഫോം ചെയ്യാനുമായില്ല; ജോലി കിട്ടിയതുമില്ല.

അനാവശ്യമായി ആകുലപ്പെട്ടതുകൊണ്ട് ഒരു ഉപകാരവുമില്ല. ചിലപ്പോൾ നഷ്ടങ്ങളായിരിക്കാം ജീവിതത്തിൽ ബാക്കി. എന്നാൽ, ദൈവത്തിൽ ആശ്രയിച്ചു ജീവിച്ചാൽ ഒന്നും നഷ്ടമായി തോന്നുകയില്ല. ഇഷ്ടങ്ങൾ കഷ്ടങ്ങളാകുവാനും നഷ്ടങ്ങളാകുവാനും അധികനേരം വേണമെന്നില്ല. ആകുലപ്പെടാതെ എല്ലാത്തിന്റെയും നിയന്താവും സംരക്ഷകനുമായ ദൈവത്തിൽ ആശ്രയിച്ചാൽ നഷ്ടങ്ങളുടെ കണക്കുകളിലേയ്ക്കല്ല, ദൈവമെന്ന നേട്ടത്തിലേയ്ക്കായിരിക്കും നമ്മുടെ നയനങ്ങൾ തുറന്നിരിക്കുക.

കഴിഞ്ഞ വർഷം വിജയങ്ങളുടേതായിരുന്നിരിക്കാം; എങ്കിൽ ദൈവത്തെ സ്തുതിക്കുക. കഴിഞ്ഞ വർഷം ചിലപ്പോൾ പരാജയങ്ങളുടേതായിരിക്കാം; തളർച്ചകളുടെയും നഷ്ടങ്ങളുടെയും വേർപാടുകളുടേതുമായിരുന്നിരിക്കാം; ദൈവത്തിൽ ആശ്രയിക്കുക: എന്നാൽ, "ദൈവത്തിൽ ആശ്രയിക്കുന്നവർ വീണ്ടും ശക്തി പ്രാപിക്കും; അവർ കഴുകന്മാരെപ്പോലെ ചിറകടിച്ചുയരും. അവർ ഓടിയാലും ക്ഷീണിക്കുകയില്ല; നടന്നാൽ തളരുകയുമില്ല" (ഏശയ്യാ 40:31).

ദൈവത്തിന് നാം വിലപ്പെട്ടവരാണെന്ന ബോദ്ധ്യത്തിൽ ദൈവരാജ്യവും നീതിയും അന്വേഷിച്ചുകൊണ്ട് ഉത്കണ്ഠപ്പെടാതെ അവിടുന്നിൽ ആശ്രയിച്ച് മുന്നേറാൻ നമുക്ക് പരിശ്രമിക്കാം. ശരിക്കും നോക്കിയാൽ ഇവ മൂന്നും ബന്ധപ്പെട്ടിരിക്കുന്നു. ഞാൻ ദൈവത്തിനു വിലപ്പെട്ടവനാണെന്ന ബോദ്ധ്യം എന്നിലുണ്ടെങ്കിൽ ഞാൻ ദൈവത്തെ അന്വേഷിക്കും. ദൈവരാജ്യത്തെ അന്വേഷിച്ച് കണ്ടുപിടിക്കും, തീർച്ച. അവിടെ ഉത്കണ്ഠ ഉണ്ടാവുകയുമില്ല. കഴിഞ്ഞുപോയ കാലവും ഉണ്ടായ നഷ്ടങ്ങളും തിരിച്ചുവരാതിരിക്കുന്നതു തന്നെയാണ് നല്ലത്. ആ പ്രതീക്ഷകളിൽ 'ഇന്നു'കളിൽ നമുക്ക് ചുവടുവയ്ക്കാനാകും.

ഏതാനും ദിനങ്ങൾ മാത്രം ജീവിക്കുന്ന ചിത്രശലഭം അനേകം ഹൃദയങ്ങൾ കീഴടക്കുന്നു. കാരണം, അതിന് ഇന്ന് ഈ നിമിഷമാണ് പ്രധാനം. വി. മദർ തെരേസ പറയുന്നത് മനസ്സിൽ കുറിച്ചിടാം: "Yesterday is gone. Tomorrow has not yet come. We have today only let us Begin."

എല്ലാവർക്കും പുതുവത്സരത്തിന്റെ മംഗളങ്ങളും നന്മകളും! ഈ പുതിയ വർഷം ദൈവം നയിക്കട്ടെ, സഹായിക്കട്ടെ, പരിപാലിക്കട്ടെ. അതിനായി നമുക്ക് ആഗ്രഹിക്കാം. വിശുദ്ധ ബലിയിൽ പ്രാർത്ഥിക്കാം. എല്ലാമറിയുന്ന നല്ലവനായ ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ എന്നേക്കും, ആമ്മേൻ.